Circular No: 167
Golden Jubilee of
Mariagiri E.M. School
Peermade

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 10/03/2015

പ്രിയ ബഹു. അച്ചാ,

നമ്മുടെ അതിരൂപതയുടെ അഭിമാനസ്തംഭമായി പീരുമേട്ടിൽ പ്രവർത്തിക്കുന്ന മരിയഗിരി ഇംഗ്ലീഷ് മീഡിയം സ്കൂൾ അതിന്റെ സുവർണ്ണ ജൂബിലിയിലേക്കു പ്രവേശിക്കുകയാണ്. അഭിവന്ദ്യ തറയിൽ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ 1966 ൽ പ്രകൃതി രമണീയവും സുഖശീതളവുമായ പീരുമേട്ടിൽ ചൂളപ്പറമ്പിൽ ബഹു. തോമസച്ചൻ ചെറിയതോതിൽ തുടക്കം കുറിച്ച മരിയഗിരി ഇംഗ്ലീഷ് മീഡിയം ഹയർ സെക്കന്ററി സ്കൂൾ, പീരുമേട്ടിലും സമീപ പ്രദേശങ്ങളിലും നമ്മുടെ അതിരൂപതയുടെ നാനാഭാഗങ്ങളിലുമുള്ള കുട്ടികൾക്കു നൽകിയ വിലപ്പെട്ട പരിശീലനവും അതിലൂടെ അവർക്കും അവരുടെ കുടുംബങ്ങൾക്കും ക്നാനായ സമുദായത്തിനുമുണ്ടായിട്ടുള്ള പുരോഗതിയും നിസ്സീമമാണ്. ഈ സ്ഥാപനത്തെ കൈപിടിച്ചു വളർത്തിയ അഭിവന്ദ്യ പിതാക്കന്മാരെയും ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും അദ്ധ്യാപക അനദ്ധ്യാപകരെയും അവരോടു സഹകരിച്ച മാതാപിതാക്കളെയും അഭ്യുദയകാംക്ഷികളെയും ഈ അവസരത്തിൽ നമുക്ക് നന്ദിയോടെ അനുസ്മരിക്കാം.

സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മരിയഗിരി ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വളർച്ചയെ ലക്ഷ്യമാക്കി ആധുനിക രീതിയിലുള്ള സ്കൂൾ കെട്ടിടങ്ങളും, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങളും തയ്യാറായിക്കഴിഞ്ഞു. ഈ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വളർച്ചയുടെ പാതയിൽ മുന്നേറാൻ നമ്മുടെ കുട്ടികൾക്ക് നാം അവസരമൊരുക്കണം.

പ്രൊഫഷണൽ കോഴ്സുകളിലേക്കും മറ്റ് ഉയർന്ന മേഖലകളിലേക്കും പ്രവേശിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും ഹയർസെക്കന്ററിയിൽ ലഭിക്കുന്ന മാർക്കും വളരെ പ്രധാനപ്പെട്ടവയാണ്. നിലവിലുള്ള വിദ്യാഭ്യാസ സംവിധാനത്തിൽ കേരളാ സിലബസിലുള്ള ഇംഗ്ലീഷ് മീഡിയം ഹയർ സെക്കന്ററി കോഴ്സുകൾ ഇംഗ്ലീഷ് പരിജ്ഞാനത്തോടൊപ്പം ഉയർന്ന മാർക്ക് നേടാനും പ്രൊഫഷണൽ കോഴ്സുകളിൽ വിജയകരമായി മുന്നേറാനും കുട്ടികൾക്ക് ഏറെ സഹായകമാണ്. ഇപ്രകാരം ഉയർന്ന വിദ്യാഭ്യാസം നേടാനാഗ്രഹിക്കുന്ന നമ്മുടെ കുട്ടികൾക്ക് അതിനുള്ള സൗകര്യം കേരളാ സിലബസ്സിൽ ഇംഗ്ലീഷ് മീഡിയത്തിൽ ഹയർ സെക്കന്ററി കോഴ്സ് നടത്തുന്ന മരിയഗിരിയിൽ ഒരുക്കുവാനാണ് നാം പരിശ്രമിക്കുന്നത്.

പത്താംക്ലാസ് പരീക്ഷയിൽ 80 ശതമാനത്തിലേറെ മാർക്കുവാങ്ങി പാസാകുന്ന കുട്ടികൾക്ക് മരിയഗിരിയിൽ ഹയർ സെക്കന്ററി കോഴ്സിൽ പ്രവേശനം ലഭിക്കുന്നതാണ്. ഇപ്രകാരം ഉയർന്ന മാർക്കുവാങ്ങി പത്താംക്ലാസ് പാസാകുന്ന 50 കുട്ടികൾക്ക് മരിയഗിരിയിൽ സയൻസ് ഗ്രൂപ്പിൽ ചേർന്നു പഠിക്കുന്നതിനുള്ള സൗകര്യവും ആവശ്യമുള്ളവർക്ക് ഹോസ്റ്റൽ സൗകര്യവും നൽകപ്പെടുന്നതാണ്. അവിടെ താമസിച്ച് പഠിക്കുന്നവർക്ക് ഹയർ സെക്കന്ററി പഠനത്തോടൊപ്പം വിദഗ്ധരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ എൻട്രൻസ് കോച്ചിംഗും നൽകപ്പെടുന്നതാണ്. ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും മേൽനോട്ടത്തിൽ ശ്രദ്ധാപൂർവ്വം നടത്തപ്പെടുന്ന ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് ആവശ്യമായ എല്ലാ പരിശീലനവും ശിക്ഷണവും നൽകുന്നതിൽ മരിയഗിരി ബദ്ധശ്രദ്ധയായിരിക്കും.

പത്താംക്ലാസ് പരീക്ഷയിൽ 80 ശതമാനത്തിലേറെ മാർക്കുവാങ്ങിയിട്ടുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും വിശദവിവരങ്ങൾക്കായി മരിയഗിരി സ്കൂളിനെ സമീപിക്കാവുന്നതാണ്. സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മരിയഗിരി ഹയർസെക്കന്ററി സ്കൂൾ ഒരുക്കുന്ന ഈ ജൂബിലി സമ്മാനത്തിൽ പങ്കുചേർന്ന് സമർത്ഥരായ നമ്മുടെ കുട്ടികളുടെ ഭാവി ശ്രദ്ധാപൂർവ്വം കരുപിടിപ്പിക്കാൻ മാതാപിതാക്കളെ സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

സ്നേഹപൂർവം

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: 2015 മാർച്ച് 29-ാം തീയതി ഈ സർക്കുലർ ഇടവകകളിലും സ്ഥാപനങ്ങളിലും വിളിച്ചറിയിക്കേണ്ടതാണ്. സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് മുകളേൽ ബഹു. ഷാജി അച്ചനുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 9447868873. E-mail: mariagiriemhss@yahoo.com.